2024
MARCH
14
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ശബരിമല വിമാനത്താവളം: ഭൂമിയേറ്റെടുക്കൽ വിജ്ഞാപനമിറക്കി

**തിരുവനന്തപുരം:** ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് വിജ്ഞാപനം പുറത്തിറക്കി സംസ്ഥാന സർക്കാർ. 1000.28 ഹെക്ടർ ഭൂമിയാണു സർക്കാർ ഏറ്റെടുക്കുന്നത്. ആക്ഷേപമുള്ളവർ 15 ദിവസത്തിനുള്ളിൽ അക്കാര്യം അറിയിക്കണമെന്നാണ് നിർദ്ദേശം.

47 സർവേ നമ്പരുകളിൽ നിന്നായി 441 കൈവശങ്ങളാണ് ഏറ്റെടുക്കുന്നത്. എരുമേലി തെക്ക്, മണിമല വില്ലേജുകളിലെ 19, 21,22, 23 ബ്ലോക്കുകളിൽ ഉൾപ്പെട്ട സ്ഥലങ്ങളാണ് ഏറ്റെടുക്കുന്നത്. എരുമേലി തെക്ക് വില്ലേജിലെ ബ്ലോക്ക് നമ്പർ 22 ൽ ഉൾപ്പെട്ട 281, 282, 283 സർ!വേ നമ്പരുകൾ കൂടാതെ മണിമല വില്ലേജിലെ ബ്ലോക്ക് നമ്പർ 21 ൽ ഉൾപ്പെട്ട 299 സർവേ നമ്പരിൽ ഉൾപ്പെട്ട 2264.09 ഏക്കർ സ്ഥലമാണ് ചെറുവള്ളി എസ്റ്റേറ്റിൽ നിന്ന് ഏറ്റെടുക്കുന്നത്.

വിമാനത്താവളത്തിന്റെ ആദ്യഘട്ടം 2027ൽ പ്രവർത്തനക്ഷമം ആകുമെന്നാണു സർക്കാരിന്റെ പ്രതീക്ഷ. വിമാനത്താവളത്തിന് 1.85 കോടി രൂപയാണ് ഇക്കുറി ബജറ്റിൽ അനുവദിച്ചത്. സാധ്യതാ പഠനത്തിനും വിശദമായ പദ്ധതി രേഖ തയാറാക്കുന്നതടക്കമുള്ള നടപടികൾക്കുമാണു തുക അനുവദിച്ചതെന്നു ബജറ്റിൽ പറയുന്നു. കഴിഞ്ഞ വർഷം ഇത് 2.01 കോടി രൂപയായിരുന്നു.

# സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധി

## പ്രതിസന്ധിയുടെ മറവിൽ ചാർജ് വർധനയ്ക്ക് കെഎസ്ഇബി നീക്കം

**തിരുവനന്തപുരം:** കനത്ത വേനലിൽ സംസ്ഥാനത്ത് വൈദ്യുതി ഉപയോഗം കൂടിയതോടെ കെഎസ്ഇബി കടുത്ത പ്രതിസന്ധിയിലേക്ക് പോകുകയാണെന്ന് വിലയിരുത്തൽ. വൈദ്യുതി ഉപയോഗം കൂടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ കെഎസ്ഇബി ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു. ഇന്നാണ് യോഗം.

പീക്ക് സമയങ്ങളിൽ 5,000 മെഗാവാട്ട് വൈദ്യുതി ഉപയോഗമാണ് പ്രതിദിനം ഉണ്ടായിരുന്നത്. ഇപ്പോൾ ഉപയോഗം 5,031 മെഗാവാട്ട് വരെ കൂടിയതാണ് കെഎസ്ഇബിയെ ആശങ്കയിലാക്കിയിരിക്കുന്നത്. സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന വൈദ്യുതികൊണ്ടു മാത്രം കാര്യങ്ങൾ ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണ്.

നേരത്തെ കുറഞ്ഞ നിരക്കിൽ ദീർഘകാല കരാറിൻറെ അടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങാൻ തീരുമാനിച്ചിരുന്നത് സർക്കാർ റദ്ദാക്കിയിരുന്നു. പിന്നീട് നടപടി പുനഃസ്ഥാപിച്ചെങ്കിലും കരാർ കമ്പനികൾ സഹകരിക്കാത്തതും കെഎസ്ഇബിയെ ബാധിച്ചിട്ടുണ്ട്.



വൈദ്യുതി ഉപയോഗം വീണ്ടും കൂടിയാൽ സംസ്ഥാനത്ത് വൈദ്യുതി ലഭിക്കാത്ത സാഹചര്യം ഉണ്ടായേക്കും. കെഎസ്ഇബിക്ക് ഉണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ സർചാർജോ ചാർജ് വർധനയോ ഉപയോക്താക്കളിൽ നിന്ന് ഈടാക്കേണ്ട സാഹചര്യവും വന്നു ചേരാനിടയുണ്ട്.

# 2029 ൽ രാജ്യത്ത് ഒറ്റ തിരഞ്ഞെടുപ്പ്: ഇന്ന് റിപ്പോർട്ട് സമർപ്പിക്കും

**ന്യൂഡൽഹി:** ലോക്സഭാ നിയമസഭാ തിരഞ്ഞെടുപ്പുകൾ ഒന്നിച്ച് നടത്തുന്നതിനെ കുറിച്ച് പഠിക്കാൻ നിയോഗിച്ച മുൻരാഷ്ട്രപതി രാംനാഥ് കോവിന്ദിന്റെ നേതൃത്വത്തിലുള്ള ഉന്നതതല സമിതി, രാഷ്ട്രപതി ദ്രൗപതി മുർമുവിന് ഇന്ന് പഠന റിപ്പോർട്ട് സമർപ്പിക്കും. 18,000 പേജുകളിൽ എട്ടുവാല്യങ്ങളായി തയ്യാറാക്കിയ റിപ്പോർട്ടിൽ തിരഞ്ഞെടുപ്പുകൾ ഒന്നിച്ച് നടത്താൻ നിർദേശിച്ചിട്ടുള്ളതായാണ് റിപ്പോർട്ട്.

ഇതുപ്രകാരം 2029ൽ ലോക്സഭാനിയമസഭാ തിരഞ്ഞെടുപ്പുകൾ ഒന്നിച്ചുനടത്താനും റിപ്പോർട്ടിൽ ശുപാർശയുള്ളതായി സൂചനയുണ്ട്. ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളും മറ്റ് സാങ്കേതിക ബുദ്ധിമുട്ടുകളും ചർച്ച ചെയ്യും. തിരഞ്ഞെടുപ്പ് നടത്തിപ്പിനായി കേരളം ഉൾപ്പടെ ചില നിയമസഭകളുടെ കാലാവധി ഒറ്റത്തവണ വെട്ടിച്ചുരുക്കാനും റിപ്പോർട്ടിൽ നിർദേശിച്ചേക്കും.

ഒന്നിച്ച് തിരഞ്ഞെടുപ്പുകൾ നടത്തുന്നതിലെ സാമ്പത്തിക ലാഭത്തെ കുറിച്ച് 15 ാം ധനകാര്യ ചെയർപേഴ്സൺ എൻ.കെ.സിങ്ങിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ അവലോകനം റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഒരേസമയം തിരഞ്ഞെടുപ്പ് നടത്താൻ ആവശ്യമായ സാമ്പത്തിക, ഭരണപരമായ സ്രോതസ്സുകളെ കുറിച്ചും റിപ്പോർട്ടിൽ വിശകലനം ചെയ്യുന്നുണ്ട്. മുൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർമാരുടേതുൾപ്പടെയുള്ളവരിൽ നിന്ന് ശേഖരിച്ച പ്രതികരണങ്ങൾ വിലയിരുത്തിക്കൊണ്ടാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.



കഴിഞ്ഞ വർഷം സെപ്റ്റംബറിലാണ് ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് സാധ്യതകളെ കുറിച്ച് പഠിക്കാൻ രാംനാഥ് കോവിന്ദിന്റെ നേതൃത്വത്തിൽ ഉന്നതതല സമിതിയെ നിയോഗിക്കുന്നത്. ദേശീയ താല്പര്യം കണക്കിലെടുത്ത് ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് എന്ന ആശയത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളും പിന്തുണയ്ക്കണമെന്നാവശ്യപ്പെട്ട് രാംനാഥ് കോവിന്ദ് ഇതിനകം രംഗത്തെത്തിയിട്ടുണ്ട്. ഈ ആശയം നടപ്പിലാവുകയാണെങ്കിൽ തിരഞ്ഞെടുപ്പ് ചെലവിൽ ലാഭിക്കുന്ന പണം രാജ്യത്തെ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാനാകുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നു.





വർമ്മ ഹോംസിന്റെ ലക്ഷ്വറി പ്രോജക്ട് വർമ്മ ഡോ. പൈന്സ് ലെഗസിയുടെ ഉദ്ഘാടനം തിരുവനന്തപുരം പൂജപ്പുരയിൽ പൂയം തിരുനാൾ ഗൗരി പാർവതി ബായി നിർവഹിച്ചു. വർമ്മ ഹോംസ് മാനേജിംഗ് ഡയറക്ടർ ശ്രീ അനിൽ വർമ്മ, ഡയറക്ടർ ഡോ. മിനി വർമ്മ, അഞ്ജലി ഹരീഷ് ( സീനിയർ മാനേജർ കസ്റ്റമർ കെയർ ), ബിന്ദു നൈനാൻ (ജി എം പ്രോജക്ട്സ് ), സുരേഷ് ടി എസ് ( ജി എം മാർക്കറ്റിംഗ് & കസ്റ്റമർ കെയർ ), എസ്. എൻ രഘുചന്ദ്രൻ നായർ ( ജനറൽ കൺവീനർ, ക്രെഡായ് കേരള ), സുരേഷ് കുമാർ.എസ് ( പ്രസിഡന്റ് , ക്രെഡായ് തിരുവനന്തപുരം ), അജേഷ് എസ് ( മാനേജർ, മിഡിൽ ഈസ്റ്റ് ), ആരതി വർമ്മ ( മാനേജർ പ്ലാനിംഗ് ), വൈശാഖ് വർമ്മ ( മാനേജർ ഓപ്പറേഷൻസ് ), എന്നിവർക്ക് പുറമെ ക്ഷണിക്കപ്പെട്ട അതിഥികളും ഫ്ലാറ്റ് ഉടമകളും ചടങ്ങിൽ പങ്കെടുത്തു.

# ഗ്രീവ്സ് ഫിനാൻസ് ഇലക്ട്രിക് ഇരുചക്രവാഹന ധനസഹായം വിപുലീകരിക്കുന്നു

**കൊച്ചി:** ഗ്രീവ്സ് ഫിനാൻസ് ലിമിറ്റഡിന്റെ ഇലക്ട്രിക് വാഹനങ്ങൾക്കു വായ്പ നൽകുന്ന പ്ലാറ്റ്ഫോമായ ഇവിഫിൻ മുത്തൂറ്റ് ക്യാപിറ്റൽ സർവീസസ് ലിമിറ്റഡുമായി (എംസിഎസ്എൽ) പങ്കാളിത്തത്തിലേർപ്പെട്ടു. ഇന്ത്യയിലുടനീളം ഇലക്ട്രിക് ഇരുചക്രവാഹന ധനസഹായത്തിനുള്ള ലഭ്യത വർദ്ധിപ്പിക്കുകയും ഇലക്ട്രിക് വാഹനങ്ങൾ വ്യാപകമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയും 150 കോടി രൂപ (18 മില്യൺ ഡോളർ) വരെയുള്ള ഇടപാടുകളാണ് ഇരു സ്ഥാപനങ്ങളും ഈ പങ്കാളത്തത്തിലൂടെ നടത്തുന്നത്. ഒല ഇലക്ട്രിക്, ഏഥർ എനർജി, ആംപിയർ, ഹീറോ മോട്ടോകോർപ്പ്, ടിവിഎസ് മോട്ടോർ എന്നിവയുൾപ്പെടെയുള്ള ഇലക്ട്രിക് ഇരുചക്ര വാഹന ഉപഭോക്താക്കൾക്ക് ഇവിഫിൻ സേനവം ലഭ്യമാകും'മുത്തൂറ്റ് ക്യാപിറ്റലുമായി സഹകരിച്ച് സഹവായ്പാ പങ്കാളിത്തം അവതരിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്നു ഗ്രീവ്സ് ഫിനാൻസ് ലിമിറ്റഡ് സിഇഒ സന്ദീപ് ദിവാകരൻ പറഞ്ഞു. ഈ പങ്കാളിത്തം സുസ്ഥിര മൊബിലിറ്റി സൊല്യൂഷനുകൾ പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം ഞങ്ങളുടെ ഉപഭോക്താക്കളുടെ വികസിച്ചുകൊണ്ടിരിക്കുന്ന ആവശ്യങ്ങൾ നിറവേറ്റുന്ന നൂതനമായ ധനസഹായ ഓപ്ഷനുകൾ നൽകുകയും ചെയ്യുന്നുവെന്നു സന്ദീപ് ദിവാകരൻ പറഞ്ഞു.'ഇലക്ട്രിക് ഇരുചക്രവാഹന പങ്കാളിത്തത്തിലേക്കുള്ള ഞങ്ങളുടെ ആദ്യ സംരംഭം പ്രഖ്യാപിക്കുന്നതിൽ സന്തോഷമുണ്ടെന്നും ഈ രംഗത്തെ മുൻനിരക്കാരായ ഗ്രീവ്സ് ഫിനാൻസ് ലിമിറ്റഡുമായി സഹകരിക്കുന്നതിൽ സന്തുഷ്ടരാണെന്നും മുത്തൂറ്റ് ക്യാപിറ്റൽ സർവീസസ് ലിമിറ്റഡ് സിഇഒ മാത്യൂസ് മാർക്കോസ് പറഞ്ഞു.

# ടിവിഎസ് ഐക്യൂബ് കേരളത്തിൽ 10,000 എണ്ണം വിൽപ്പന നടത്തി



**കൊച്ചി:** പ്രമുഖ ഇരുചക്രമുച്ചക്ര വാഹന നിർമാതാക്കളായ ടിവിഎസ് മോട്ടോർ കമ്പനി, കേരളത്തിൽ ടിവിഎസ് ഐക്യൂബ് മോഡലിൻറെ പതിനായിരം യൂണിറ്റ് വിൽപ്പന നടത്തി. രാജ്യമൊട്ടാകെ 2.5 ലക്ഷം ടിവിഎസ് ഐക്യൂബ് യൂണിറ്റുകൾ വിറ്റഴിച്ചതായും കമ്പനി അറിയിച്ചു. ഫെയിം രണ്ട് സബ്സിഡിക്ക് പുറമേ, കേരളത്തിലെ പ്രധാന നഗരങ്ങളിൽ ടിവിഎസ് ഐക്യൂബ് ഇലക്ട്രിക് സ്കൂട്ടറുകൾ വാങ്ങുമ്പോൾ ഉപഭോക്താക്കൾക്കായി 12,499 രൂപ വരെയുള്ള രൂപ വരെയുള്ള ആനുകൂല്യ പദ്ധതിയും ലഭ്യമാക്കുമെന്ന് ടിവിഎസ് മോട്ടോർ കമ്പനി പ്രഖ്യാപിച്ചു.

1,35,157 രൂപയാണ് ടിവിഎസ് ഐക്യൂബ് ശ്രേണിയിലെ സ്കൂട്ടറുകളുടെ പ്രാരംഭ വില.നഗരങ്ങളിലെ യാത്രക്കാർക്ക് അനുയോജ്യമായ രീതിയിലാണ് ടിവിഎസ് ഐക്യൂബിൻറെ രൂപകല്പന. കിലോമീറ്ററിന് 30 പൈസ മാത്രമാണ് ചെലവെന്നതിനാൽ മൂന്ന് വർഷം കൊണ്ട് ഉപഭോക്താക്കൾക്ക് 1.2 ലക്ഷം രൂപ വരെ ലാഭിക്കാം. 7 ഇഞ്ച് ടിഎഫ്ടി സ്ക്രീൻ, ക്ലീൻ യുഐ, വോയ്സ് അസിസ്റ്റ്, ടിവിഎസ് ഐക്യൂബ് അലെക്സ സ്കിൽസെറ്റ്, മ്യൂസിക് പ്ലെയർ കണ്ട്രോൾ, ഒടിഎ അപ്ഡേറ്റ്സ്, അതിവേഗ ചാർജിങ്, റിവേഴ്സ് പാർക്കിങ് അസിസ്റ്റൻസ്, വെഹിക്കിൾ ട്രാക്കിങ്, വെഹിക്കിൾ ഹെല്ത്തി ആൻഡ് സേഫ്റ്റി നോട്ടിഫിക്കേഷൻ എന്നിവയുൾപ്പെടെ 118ലധികം കണക്റ്റഡ് ഫീച്ചറുകളും ടിവിഎസ് ഐക്യൂബിലുണ്ട്.

# മത്സ്യമേഖലയിലെ സ്ത്രീതിളക്കം: ഐവി ജോസിനും രതികുമാരിക്കും സിഎംഎഫ്ആർഐയുടെ അംഗീകാരം

**കൊച്ചി:** മത്സ്യമേഖലയിൽ സ്ത്രീശക്തി തെളിയിച്ച് നേട്ടം കൈവരിച്ച ഐവി ജോസിനും കെ ജി രതികുമാരിക്കും കേന്ദ്രസമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) ആദരം. മുനമ്പം സ്വദേശിയായ ഐവി മത്സ്യവള നിർമാണരംഗത്താണ് സംരംഭകയായി കഴിവ് തെളിയിച്ചതെങ്കിൽ, അലങ്കാര മത്സ്യകൃഷിയിലെ മികവാണ് ആലപ്പുഴ ഓണാട്ടുകര സ്വദേശിയായ രതികുമാരിക്ക് നേട്ടമായത്. ഇരുവരെയും സിഎംഎഫ്ആർഐയിൽ നടന്ന വനിതാദിനത്തിൽ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ അംഗീകാരപത്രം നൽകി ആദരിച്ചു. രണ്ടുപേരും സിഎംഎഫ്ആർഐയുടെ സയൻസ്ടെക്നോളജി ഇന്നൊവേഷൻ ഹബ്ബ് പദ്ധതിയുടെ ഗുണഭോക്താക്കൾ കൂടിയാണ്.മുനമ്പം ഹാർബറിനടുത്ത് 'ഐവിസ് അഗ്രോഹബ്' എന്ന പേരിൽ സ്ഥാപനം നടത്തുകായാണ് ഐവി ജോസ്.



വർഷങ്ങൾക്ക് മുമ്പ് സിഎംഎഫ്ആർഐയുടെ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നാണ് മത്സ്യവളനിർമാണത്തിൽ പരിശീലനം നേടിയത്. പരിസരമലിനീകരണത്തിന് കാരണമാകുന്ന മത്സ്യ അവശിഷ്ടങ്ങളിൽ നിന്ന് മൂല്യവർദ്ധിത ഉൽപന്നമെന്ന ആശയമാണ് ഐവിയെ വളനിർമാണരംഗത്തേക്ക് നയിച്ചത്. സംരംഭക്ത്വ വികസനത്തിൽ സിഎംഎഫ്ആർഐയുടെ എസ്ടിഐ ഹബ്ബ് പദ്ധതിയുടെ സഹായം ഏറെ പ്രയോജനകരമായെന്ന് അവർ പറഞ്ഞു.അലങ്കാര മത്സ്യകൃഷിയിൽ ലഭിച്ച ശാസ്ത്രീയമായ പരിശീലനങ്ങളും അതനുസരിച്ചുള്ള ചിട്ടയായ പ്രവർത്തനങ്ങളുമാണ് രതികുമാരിയെ മികച്ച സംരംഭകയാകാൻ സഹായിച്ചത്. 'ഡിയർ ഗപ്പി' എന്ന പേരിൽ നടത്തുന്ന അലങ്കാരമത്സ്യ ഫാമിൽ വിവിധയിനം മീനിനങ്ങൾ ലഭ്യമാണ്. ഹൈദരാബാദിലെ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (എൻഎഫ്ഡിബി) കൊച്ചിയിൽ സംഘടിപ്പിച്ച പരിശീലനപരിപാടിയാണ് രതികുമാരിയുടെ വളർച്ചയിൽ വഴിത്തിരിവായത്. സിഎംഎഫ്ആർഐയിലെ വിദഗ്ധരുടെ മാർഗനിർദേശങ്ങളും തുണയായി. സിഎംഎഫ്ആർഐ സംഘം ഫാം സന്ദർശിച്ച് ആവശ്യമായ നിർദേശങ്ങൾ നൽകിയിരുന്നു. കുടുംബ വരുമാനത്തിന്റെ 50 ശതമാനത്തോളം അലങ്കാരമത്സ്യ ഫാമിലൂടെ കണ്ടെത്താൻ കഴിയുന്നുണ്ടെന്ന് രതികുമാരി പറഞ്ഞു. സിഎംഎഫ്ആർഐയിൽ നടന്ന വനിതാദിനാഘോഷ ചടങ്ങിൽ പിന്നണി ഗായിക ചിത്ര അരുൺ മുഖ്യാതിഥിയായിരുന്നു. സാമ്പത്തിക സ്വാശ്രയത്വം നേടുന്നത് സത്രീക്ക് കൂടുതൽ കരുത്തു നൽകുമെന്ന് അവർ പറഞ്ഞു. ആത്മാഭിമാനത്തോടെ ജീവിതം നയിക്കാൻ സാമ്പത്തികഭദ്രത സഹായിക്കും. നിശ്ചയദാർഢ്യവും കഠിനാധ്വാനവുമുണ്ടെങ്കിൽ തൊഴിൽസംരംഭകത്വമേഖലകളി!ൽ സ്ത്രീകൾക്ക് മുന്നേറാനാകും. ഈ രംഗത്ത് സത്രീ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിന് കുടുംബങ്ങളിൽ നിന്നുള്ള പിന്തുണയും പ്രധാനമാണ്. സത്രീപുരുഷ സമത്വം തുടങ്ങേണ്ടത് കുടുംബങ്ങളിൽ നിന്നാണ്. വീട്ടുജോലിയിലും മറ്റ് കാര്യങ്ങളിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യപങ്കാളിത്തമാണുള്ളതെന്ന് ചെറിയപ്രായങ്ങളിൽ തന്നെ പരിശീലിപ്പിക്കേണ്ടതുണ്ടെന്നും ചിത്ര അരുൺ പറഞ്ഞു.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. സിഎംഎഫ്ആർഐ വനിതാസെൽ ചെയർപേഴ്സൺ ഡോ മിറിയം പോൾ ശ്രീറാം, മെമ്പർ സെക്രട്ടറി ഡോ സന്ധ്യ സുകുമാരൻ എന്നിവർ സംസാരിച്ചു.

# അന്താരാഷ്ട്ര പാരാഗ്ലൈഡിങ് ഫെസ്റ്റിവെലിന് ഇന്ന് വാഗമണിൽ തുടക്കം

**കൊച്ചി:** സാഹസിക വിനോദസഞ്ചാരത്തിന് അനുയോജ്യമായ പ്രദേശമായി കേരളത്തെ അടയാളപ്പെടുത്തുന്നതിനായി ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന 'ഇൻറർനാഷണൽ പാരാഗ്ലൈഡിങ് ഫെസ്റ്റിവെൽ കേരള'യ്ക്ക് ഇന്ന് ഇടുക്കിയിലെ വാഗമണിൽ തുടക്കമാകും. വാഗമൺ അഡ്വഞ്ചർ പാർക്കിൽ വൈകിട്ട് 4 ന് ടൂറിസം പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ അധ്യക്ഷത വഹിക്കും. മാർച്ച് 17 വരെയാണ് ഫെസ്റ്റിവെൽ.കേരളത്തിൻറെ അഡ്വഞ്ചർ ടൂറിസം സാധ്യതകൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിനായി ഈ വർഷം നാല് അന്താരാഷ്ട്ര സാഹസിക വിനോദ ചാമ്പ്യൻഷിപ്പുകളാണ് ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്നത്. ഇതിൽ ആദ്യത്തേതാണ് പാരാഗ്ലൈഡിങ് ഫെസ്റ്റിവെൽ.

ഇന്ത്യയിലെ ഏറ്റവും വലിയ എയ്റോ സ്പോർട്സ് അഡ്വഞ്ചർ ഫെസ്റ്റിവെലാണ് വാഗമണിലേത്. 100ലധികം ദേശീയഅന്തർദേശീയ പ്രശസ്തരായ ഗ്ലൈഡർമാരും പാരാഗ്ലൈഡിങ് അന്താരാഷ്ട്ര ചാമ്പ്യന്മാരും ഫെസ്റ്റിവെലിൽ പങ്കെടുക്കുന്നുണ്ട്. ആർമി, എയർഫോഴ്സ്, നേവി അഡ്വഞ്ചർ യൂണിറ്റുകളും മത്സരത്തിൻറെ ഭാഗമാകും. നാല് ദിവസം നീണ്ടുനിൽക്കുന്ന ഫെസ്റ്റിൽ വിദേശരാജ്യങ്ങളിൽ നിന്നും വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുമുള്ള മത്സരാർഥികൾ ഉണ്ടായിരിക്കും. 3 ലക്ഷം രൂപയാണ് സമ്മാനത്തുക. ഫെസ്റ്റിന് ഏകദേശം 35,000 കാണികളെ നേരിട്ടും ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലോകമെമ്പാടുമായി 20 ലക്ഷം കാഴ്ചക്കാരെയും പ്രതീക്ഷിക്കുന്നു.മിനി എക്സ് സി, സ്പോട്ട് ലാൻഡിങ് അറ്റ് ടോപ്പ് ലാൻഡിങ് സ്പോട്ട്, മിനി അക്രോബാറ്റിക്സ് ഷോ, ഹൈക്ക് ആൻഡ് ഫ്ളൈ, ഗ്രൗണ്ട് ഹാൻഡ്ലിങ്, തെരമലിങ് എന്നീ ഇനങ്ങളിലാണ് പാരാഗ്ലൈഡിങ് മത്സരങ്ങൾ നടക്കുക. ടൂറിസം വകുപ്പിന് കീഴിലുള്ള കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റിയും (കെഎടിപിഎസ്) ഇടുക്കി ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും സംയുക്തമായി പാരാഗ്ലൈഡിങ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സാങ്കേതിക പിന്തുണയോടെയാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. ഡീൻ കുര്യാക്കോസ് എംപി, എംഎൽഎമാരായ പി.ജെ ജോസഫ്, എം.എം മണി, വാഴൂർ സോമൻ, എ.രാജ, സെബാസ്റ്റ്യൻ കുളത്തുങ്കൽ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് കെ.ടി ബിനു, ടൂറിസം ഡയറക്ടർ പി.ബി നൂഹ്, ജില്ലാ കളക്ടറും ഡിടിപിസി ചെയർമാനുമായ ഷീബാ ജോർജ്, കെഎടിപിഎസ് സിഇഒ ബിനു കുര്യോക്കോസ് തുടങ്ങിയവരും ചടങ്ങിൽ സംബന്ധിക്കും.ഇൻറർനാഷണൽ സർഫിങ് ഫെസ്റ്റിവെൽ (വർക്കല), ഇൻറർനാഷണൽ മൗണ്ടെയ്ൻ സൈക്ലിങ് ചാമ്പ്യൻഷിപ്പ് (മാനന്തവാടി) അന്താരാഷ്ട്ര വൈറ്റ് വാട്ടർ കയാക്കിംഗ് ചാമ്പ്യൻഷിപ്പ് (തുഷാരഗിരി, കോഴിക്കോട്) എന്നിവയാണ് കേരളം ആതിഥേയത്വം വഹിക്കുന്ന ഈ വർഷത്തെ മറ്റ് സാഹസിക വിനോദ പരിപാടികൾ.



# ലോക വൃക്കദിനത്തിൽ കാരുണ്യ സ്പർശവുമായി കോട്ടക്കൽ ആസ്റ്റർ മിംസ്

**കോട്ടക്കൽ:** വൃക്ക മാറ്റി വെച്ച് ജീവിതത്തിലേക്ക് മടങ്ങിയെത്തിയ പെൺകുട്ടിക്ക് സഹായഹസ്തവുമായി കോട്ടക്കൽ ആസ്റ്റർ മിംസ് ആശുപത്രി. മലപ്പുറം സ്വദേശിനി ഫർസാനക്കാണ് ചികിത്സ ആവശ്യത്തിനായി ആശുപത്രി ധനസഹായം നൽകിയത്. ലോക വൃക്ക ദിനാചരണത്തോടനുബന്ധിച്ചായിരുന്നു കാരുണ്യ പ്രവർത്തനത്തിന് മുന്നിട്ടിറങ്ങിയത്.

മെഡിക്കൽ ലാബ് ടെക്നീഷ്യൻ വിദ്യാർത്ഥിനിയായ ഫർസാനക്ക് കോഴ്സ് പൂർത്തിയാക്കുന്ന മുറയ്ക്ക് കോട്ടയ്ക്കൽ ആസ്റ്റർ മിംസിൽ ജോലി നൽകുമെന്നും അധികൃതർ അറിയിച്ചു.ഗുരുതരമായ വൃക്ക രോഗത്തെ തുടർന്ന് ജീവൻ നഷ്ടപ്പെടുമെന്ന സാഹചര്യത്തിലായിരുന്നു ഫർസാന കോട്ടക്കൽ ആസ്റ്റർ മിംസ് ആശുപത്രിയിൽ ചികിത്സക്കെത്തിയത്. എത്രയും വേഗം വൃക്ക മാറ്റിവെക്കുക എന്നല്ലാതെ മറ്റ് മാർഗ്ഗമൊന്നും ഇല്ലെന്നായിരുന്നു ഡോക്ടർമാരുടെ കണ്ടെത്തൽ. അതേസമയം ചികിത്സക്ക് പ്രതിസന്ധി സൃഷ്ടിക്കുന്നതായിരുന്നു കുടുംബത്തിന്റെ മോശം സാമ്പത്തിക സ്ഥിതി. ഇതോടെ ആശുപത്രി മാനേജ്മെന്റും നാട്ടുകാരും മുന്നിട്ടിറങ്ങി ചികിത്സയ്ക്ക് വേണ്ട പണം കണ്ടെത്തുകയുമായിരുന്നു.

തുടർന്ന് കഴിഞ്ഞ നവംബറിലായിരുന്നു വിജയകരമായ വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയയായതും ജീവിതത്തിലേക്ക് മടങ്ങിയെത്തിയതും. കരൾ, വൃക്ക അടക്കമുള്ള ആന്തരികാവയങ്ങൾ മാറ്റിവെച്ചാൽ പിന്നീട് മറ്റ് ജോലികൾ ഒന്നും ചെയ്യാതെ അടച്ചിരിക്കേണ്ടി വരുമെന്ന സമൂഹത്തിന്റെ മിഥ്യാധാരണ മാറ്റുന്നതായിരുന്നു ഈ മടങ്ങിവരവ്.

അപാരമായ ഇച്ഛാശക്തിയുടെയും ആത്മവിശ്വാസത്തിന്റെയും പ്രതീകമായ ഫർസാന ആദ്യ ദിനം മുതൽ രോഗത്തെ പൊരുതി തോൽപ്പിക്കാനുള്ള ശ്രമത്തിലായിരുന്നു. ഇതിനായി മുടങ്ങിക്കിടന്ന തന്റെ പാര മെഡിക്കൽ പഠനം തുടരുകയും പഠനത്തിനായി കൂടുതൽ സമയം കണ്ടെത്തുകയും ചെയ്തു. മെഡിക്കൽ ലാബ് ടെക്നീഷ്യൻ കോഴ്സ് പൂർത്തിയാക്കി എത്രയും വേഗം ജോലി കണ്ടെത്തണമെന്നും അതുവഴി കുടുംബത്തെ സഹായിക്കണമെന്നുമായിരുന്നു ആഗ്രഹം. വിവരമറിഞ്ഞ ആശുപത്രി അധികൃതർ ഇതിനുവേണ്ട മുഴുവൻ പിന്തുണയും അറിയിച്ച് രംഗത്തെത്തുകയായിരുന്നു.

ആസ്റ്റർ മിംസിലെ നെഫ്രോളജി വിഭാഗം ഡോക്ടർമാരായ ഡോ. രഞ്ജിത്ത് നാരായണൻ, ഡോ. സജീഷ് ശിവദാസ്, ഡോ. ഷൈസിൽ ഷഫീഖ് എന്നിവർ വീട്ടിലെത്തിയായിരുന്നു ചികിത്സാസഹായം കൈമാറിയതും ജോലിക്കാര്യം അറിയിച്ചതും. ഇച്ഛാശക്തിയുടെയും ആത്മവിശ്വാസത്തിന്റെയും പ്രതീകമാണ് ഫർസാനയെന്നും ഇത് ചികിത്സക്ക് വലിയ രീതിയിൽ ഗുണം ചെയ്തിട്ടുണ്ടെന്നും ഡോക്ടർമാർ പറഞ്ഞു. എത്രയും വേഗം ചികിത്സ പൂർത്തിയാക്കി പരീക്ഷ കൂടി ജയിച്ചാൽ ഇഷ്ട ജോലി കാത്തിരിക്കുന്നുണ്ട് എന്നതിനാൽ വലിയ ആവേശത്തിലാണ് ഫർസാന.




# വാഷിങ്ങ് മെഷീനിൽ എ.ഐ സാങ്കേതിക വിദ്യ അവതരിപ്പിച്ച് സാംസങ്ങ്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര കസ്റ്റമർ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ്ങ് പുതിയ എഐ എക്കോബബിൾ ഫുള്ളി ഓട്ടോമാറ്റിക് ഫ്രണ്ട് ലോഡ് വാഷിങ്ങ് മെഷീൻ ശ്രേണി അവതരിപ്പിച്ചു.

70 ശതമാനം കുറവ് കരണ്ടും 50 ശതമാനം കുറവ് വാഷ് ടൈമും 45.5 ശതമാനം തുണികൾക്ക് സംരക്ഷണവും പ്രദാനം ചെയ്യുന്ന ഈ ശ്രേണി ഐ.ഐ വാഷ്, ക്യു ഡ്രൈവ്, ഓട്ടോ ഡിസ്പെൻസ് തുടങ്ങിയ അത്യാധുനിക സവിശേഷതകളടങ്ങിയ 11 കിലോ വിഭാഗത്തിലെ ആദ്യ വാഷിങ്ങ് മെഷീനാണ്. പുതിയ എ.ഐ വാഷ് ഫീച്ചർ ലോഡിന്റെ ഭാരം മനസിലാക്കുകയും വെള്ളത്തിന്റെയും ഡിറ്റർജന്റിന്റെയും അളവ് മനസിലാക്കി തുണിയുടെ മൃദുത്വം മനസിലാക്കുകയും അതിനെ സംരക്ഷിക്കുന്ന രീതിയിൽ കഴുകുകയും കറങ്ങുന്ന സമയം ക്രമീകരിക്കുകയും ചെയ്യുന്നു.

കൂടാതെ, ക്യൂബബിൾ സാങ്കേതികവിദ്യയും ഡൈനാമിക് ഡ്രം റൊട്ടേഷനും അധിക വാട്ടർ ഷോട്ടുകളും സംയോജിപ്പിച്ച് വേഗത്തിൽ ഡിറ്റർജെന്റ് തുണികളുമായി ചേരാനായി കൂടുതൽ ശക്തമായ കുമിളകൾ സൃഷ്ടിച്ച് അലക്ക് സമയം 50 ശതമാനം കുറയ്ക്കുന്നതാണ് ക്വിക ഡ്രൈവ് സാങ്കേതിക വിദ്യയെന്ന് കമ്പനി അധികൃതർ അവകാശപ്പെട്ടു.

# ബ്ലാസ്റ്റേഴ്സിന് മോഹൻ ബഗാൻ ഷോക്ക്

**കൊച്ചി:** ഗോൾ മഴ പെയ്ത കലൂർ രാജ്യാന്തര സ്റ്റേഡിയത്തിൽ മോഹൻ ബഗാൻ കരുത്തിനു മുന്നിൽ അടി തെറ്റി കേരളത്തിന്റെ കൊമ്പൻമ്മാർ . മൂന്നിനെതിരെ നാലു ഗോളുകൾക്കാണ് മോഹൻ ബഗാൻ കേരളാ ബ്ലാസ്റ്റേഴ്സിനെ പരാജയപ്പെടുത്തിയത്.നാലാം മിനിറ്റിൽ സാദിഖുവിലൂടെ ഗോൾവേട്ട തുടങ്ങിയ ബഗാൻ രണ്ടാം പകുതിയിൽ നേടിയത് മൂന്നെണ്ണം. 60ാ മിനുറ്റിൽ സാദിഖു വീണ്ടും വലകുലുക്കി. ദീപക് താംഗ്രി (68), പകരതാരം ജെയ്സൺ കമ്മിങ്സ് (90+7) എന്നിവരും ബഗാനായി ഗോൾ കണ്ടെത്തി. ബ്ലാസ്റ്റേഴ്സിനായി ഡയമന്റകോസ് ഇരട്ടഗോൾ (56, 90+9) നേടിയ മത്സരത്തിൽ മലയാളി താരം വിബിൻ മോഹന്റെ വകയായിരുന്നു (54) മറ്റൊരു ഗോൾ



സീസണിൽ ഹോം ഗ്രൗണ്ടിൽ ബ്ലാസ്റ്റേഴ്സിന്റെ രണ്ടാമത്തെ മാത്രം തോൽവി. തോറ്റെങ്കിലും ബ്ലാസ്റ്റേഴ്സിന് പ്ലേഓഫിലെത്താൻ ഇനിയും സാധ്യതകൾ ബാക്കി. മാർച്ച് 30ന് ജംഷഡ്പൂരിനെതിരെ എവേ ഗ്രൗണ്ടിലാണ് അടുത്ത മത്സരം. ഏപ്രിൽ 3ന് ഈസ്റ്റ് ബംഗാളുമായാണ് കൊച്ചിയിലെ അവസാന മത്സരം. ഇതുൾപ്പെടെ നാലു മത്സരങ്ങളാണ് ടീമിന് ബാക്കിയുള്ളത്. പ്ലേഓഫ് ഉറപ്പാക്കാൻ നാലു പോയിന്റുകൾ കൂടി വേണം.

തുടക്കത്തിൽ തന്നെ പന്തടക്കത്തിൽ ബഗാൻ മിടുക്ക് കാണിച്ചു, ബ്ലാസ്റ്റേസ് ചിതറിയ പോലെ തോന്നിച്ചു. പതിയെ താളം കണ്ടെത്തിയ ആതിഥേയർ പ്രത്യാക്രമണത്തിന് ശ്രമം തുടങ്ങിയപ്പോഴേക്കും ബഗാൻ മുന്നിലെത്തി. പ്രീതം കോട്ടാലിന്റെ പിഴവിൽ നിന്ന് അൽബേനിയൻ താരം അർമാൻഡോ സാദിഖുവിന്റെ ബൂട്ടിൽ നിന്നായിരുന്നു ഗോൾ. പിന്നിലായതോടെ ബ്ലാസ്റ്റേഴ്സ് ഉണർന്നുകളിച്ചു. തുടരെ ബഗാൻ ബോക്സിൽ ആക്രമണം നടത്തി. ഡയമന്റകോസിന്റെയും സന്ദീപ് സിങിന്റെയും ശ്രമങ്ങൾ മികച്ചതായിരുന്നു. പന്ത് അധികസമയവും ബ്ലാസ്റ്റേഴ്സിന്റെ കാലിലായി. പക്ഷേ പാസുകളിലെ കൃത്യതയില്ലായ്മ ടീമിനെ ഗോളിൽ നിന്നകറ്റി. ബ്ലാസ്റ്റേഴ്സ് പന്തിൽ നിയന്ത്രണം തുടർന്നതോടെ രണ്ടാം പകുതിയിൽ കളിമാറി. വിബിൻ മോഹനനും രാഹുലും ചേർന്നുള്ള നീക്കം ഗോളിൽ കലാശിച്ചു. ബോക്സിന് പുറത്തുവച്ച് ജീക്സൺ വിബിനിലേക്ക് പന്തിട്ടു. ബോക്സിനുള്ളിലേക്ക് രാഹുലിനെ വിബിൻ ലക്ഷ്യംവച്ചു. പന്ത് തിരിച്ച് മധ്യനിരക്കാരന്റെ കാലിൽ. ബഗാൻ പ്രതിരോധത്തെ തകർത്ത് പന്ത് വലയിൽ. ഗ്യാലറിയിൽ ആരവം തീരുംമുമ്പേ ബഗാന്റെ അടുത്ത ആക്രമണം എത്തി. സഹൽ അബ്ദുൾ സമദിനെ ജീക്സൺ വീഴ്ത്തിയതിന് ഫ്രീകിക്ക്. ദിമിത്രി പെട്രറ്റോസാണ് കിക്ക് എടുത്തത്. ബോക്സിനുള്ളിൽ വച്ച് തട്ടിത്തെറിച്ച പന്ത് വരയ്ക്ക് തൊട്ടുപിന്നിൽ സാദിഖുവിന്. നെഞ്ചിൽ പന്ത് സ്വീകരിച്ച താരം തകർപ്പൻ വോളിയിലൂടെ മത്സരത്തിലെ രണ്ടാംഗോൾ നേടി. ബ്ലാസ്റ്റേഴ്സ് വിട്ടുകൊടുത്തില്ല. ഫെഡോർ സെർനിച്ച് വലതുവശത്ത് നിന്ന് പന്ത് നൽകി, പറന്നെത്തിയ ഡയമന്റകോസിലേക്ക് കൃത്യമായി പന്തെത്തി. പന്ത് കാലിൽ കിട്ടിയ ഗ്രീക്കുകാരൻ അസാമാന്യ മെയ്വഴക്കത്തോടെ ബോക്സിലേക്ക് കയറി. രണ്ട് പ്രതിരോധക്കാരെയും ഗോൾ കീപ്പറെയും മറികടന്ന് പന്ത് വലയിൽ പതിച്ചു.

ബ്ലാസ്റ്റേഴ്സ് ലീഡെടുക്കുമെന്ന് തോന്നിച്ച ഘട്ടത്തിലായിരുന്നു പ്രതിരോധപ്പിഴവിൽ ബഗാന്റെ മൂന്നാം ഗോൾ. കോർണർ കിക്കിൽനിന്നുള്ള പന്തിൽ ദീപക് ടാംഗ്രി തലവയ്ക്കുമ്പോൾ മാർക്ക് ചെയ്യാൻ ഒരാളുമുണ്ടായില്ല. അരികെയുണ്ടായിരുന്നു സെർനിച്ചും കാഴ്ചക്കാരനായി. പരിക്ക് സമയത്തെ ഗോളിലൂടെ ബഗാൻ ജയമുറപ്പിച്ചു. കളി തീരാൻ നിമിഷങ്ങൾ ശേഷിക്കെ ഒരുഗോൾ കൂടി ഡയമന്റകോസിലൂടെ ബ്ലാസ്റ്റേഴ്സ് മടക്കിയെങ്കിലും അവസാന വിസിൽ മുഴങ്ങി.

## വ്യാപാരികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കണം; മുഖ്യമന്ത്രിക്ക് കെവിവിഇഎസ് നിവേദനം നൽകി



ഇടത്തരം, ചെറുകിട വ്യാപാരികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സരയുടെ നേതൃത്വത്തിൽ ഏകോപന സമിതി നേതാക്കളായ പി സി ജേക്കബ്ബ്,എസ്.ദേവരാജൻ, ദേവസ്യ മേച്ചേരി, കുഞ്ഞാവു ഹാജി,,സി എസ് അജ്മൽ എന്നിവർ ചേർന്ന് മുഖ്യമന്ത്രി പിണറായി വിജയന് നിവേദനം നൽകുന്നു

**കൊച്ചി:** ചെറുകിട വ്യാപാരികളെ തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കണം, മുൻസിപ്പൽ ലൈസൻസ് എടുക്കാനുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കണം, ലൈസൻസ് എടുക്കാനുള്ള കാലാവധി ദീർഘിപ്പിക്കൽ അടക്കം കേരളത്തിലെ ഇടത്തരം, ചെറുകിട വ്യാപാരികൾ നേരിടുന്ന വലുതും ചെറുതമായ ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സരയുടെ നേതൃത്വത്തിൽ വ്യാപാരികൾ മുഖ്യമന്ത്രി പിണറായി വിജയന് നിവേദനം നൽകി. കെ.വി.വി.ഇ.എസ് സംസ്ഥാന ജനറൽ സെക്രട്ടറി ദേവസ്യ മേച്ചേരി, വർക്കിംഗ് പ്രസിഡന്റ് കുഞ്ഞാവു ഹാജി, ട്രഷറർ എസ്.ദേവരാജൻ, വൈസ് പ്രസിഡന്റ് പി സി ജേക്കബ്ബ്, എറണാകുളം ജില്ലാ ട്രഷറർ സി എസ് അജ്മൽ എന്നിവർ ചേർന്നാണ് നിവേദനം നൽകിയത്. നിവേദനം സ്വീകരിച്ച മുഖ്യമന്ത്രി ഏകോപന സമിതി ചൂണ്ടിക്കാട്ടിയ വിഷയങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് നേതാക്കൾക്ക് ഉറപ്പു നൽകി.

## യു എൻ ന്റെ തലമുറ പുനസ്ഥാപന പദ്ധതി: 25 നഗരങ്ങളിൽ കൊച്ചിയും

**കൊച്ചി:** യുണൈറ്റഡ് നാഷൻ എൻവയോൺമെന്റ് പ്രോഗ്രാം ആഗോള നഗരങ്ങൾക്കായി നടത്തിയ മത്സരത്തിലൂടെ ജനറേഷൻ റീസ്റ്റോറേഷൻ പദ്ധതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട 25 ലോക നഗരങ്ങളിൽ കൊച്ചിയും. 260 നഗരങ്ങൾ പങ്കെടുത്ത മത്സരത്തിൽ കൊച്ചി സമർപ്പിച്ച കനാൽ പുനരുജ്ജീവന പദ്ധതിയാണ് തിരഞ്ഞെടുക്കപ്പെട്ടത്.

ആഗോള ജൈവ വൈവിധ്യവും പരിസ്ഥിതി വ്യൂഹങ്ങളുടെ പുനർജ്ജീവനവുമായി ബന്ധപ്പെട്ട ഐക്യ രാഷ്ട്രസഭാ ദശാബ്ദ ഫ്രെയിംവർക്കിൽ ഉൾപ്പെടുന്നതാണ് ഈ പദ്ധതി. പദ്ധതിയ്ക്കായി ആദ്യ ഘട്ടത്തിൽ അറുപതിനായിരം യു.എസ്. ഡോളറാണ് ലഭ്യമാവുക. ഐ.സി. എൽ. ഇ ഐ ദക്ഷിണേഷ്യയുടെ സാങ്കേതിക സഹായത്തോടെയാണ് കൊച്ചി നഗരം മത്സരത്തിൽ പങ്കെടുത്തത്. സി ഹെഡാണ് കൊച്ചി നഗരത്തിനായി പദ്ധതി തയ്യാറാക്കിയത് . ജനറേഷൻ റീസ്റ്റോറേഷൻ പദ്ധതിയുടെ ഭാഗമായി ആഗോള തലത്തിൽ വിജയിച്ച കനാൽ പുനരുജ്ജീവന മാതൃകകളെ അവലംഭിച്ചു കൊണ്ട് തേവര പേരണ്ടൂർ കനാൽ പുനരുജ്ജീവനത്തിനായി ഏറ്റവും ആധുനികവും ശാസ്ത്രീയവുമായ പദ്ധതി തയ്യാറാക്കാൻ സാമ്പത്തിക സഹായവും അന്താരാഷ്ട്ര വിദഗ്ദരുടെ സേവനവും കൊച്ചിയ്ക്ക് ലഭ്യമാകും. കൊച്ചി തയ്യാറാക്കുന്ന രൂപരേഖയുടെ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിനുള്ള തുക രണ്ടാം ഘട്ടത്തിൽ കൊച്ചിയ്ക്ക് ലഭ്യമാകും.

പദ്ധതി നടത്തിപ്പിന്റെ ആദ്യ ഘട്ടമായി യു.എൻ.ഇ. പി. പ്രതിനിധികൾ നഗരം സന്ദർശിച്ച് മേയറുമായി ചർച്ച നടത്തി. യു. എൻ. ഇ. പി. സിറ്റി പ്രോഗ്രാം മേനേജർ ഷാരോൺ ഗിൽ, ഐ.സി. എൽ. ഇ ഐ ആഫ്രിക്കൻ ജൈവ വൈവിധ്യ വിഭാഗം ഡയറക്ടർ ഇൻഗ്രിഡ് കോസ്റ്റെ എന്നിവർ മേയറുമായുള്ള ചർച്ചയ്ക്കു ശേഷം പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ചു. സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ കൊച്ചിയിൽ നടക്കുന്ന കനാൽ പുനർജ്ജീവന പദ്ധതിയ്ക്ക് ഏറെ സഹായകരമാകുന്നതാണ് ഈ പദ്ധതി. ലോകാരോഗ്യ സംഘടനയിൽ നിന്നും ഐക്യരാഷ്ട്ര സംഘടനയിൽ നിന്നും കൊച്ചി നഗരത്തിന് ലഭ്യമാകുന്ന ഇത്തരം സഹായങ്ങൾ അന്താരാഷ്ട്ര തലത്തിൽ കൊച്ചിയെ കൂടുതലായി അടയാളപ്പെടുത്തുന്നതിന് സഹായകരമാകും. യു. എൻ. അക്കാദമി ഫെല്ലോഷിപ്പിന് കൊച്ചി മേയർ അർഹനായത് ഈ പദ്ധതി കൊച്ചിയ്ക്ക് ലഭ്യമാകാൻ സഹായകരമായിട്ടുണ്ട്.

## വണ്ടർലാ കൊച്ചിക്ക് അവാർഡ്




**കൊച്ചി:** വണ്ടർലാ പാർക്കിലെ ഫസ്റ്റ് എയ്ഡറായ ഹെൽന ബെന്നിക്ക് ട്രെയ്ൻ (ട്രസ്റ്റ് ഫോർ റീട്ടെയിലേഴ്സ് ആൻഡ് റീട്ടെയിൽ അസോസിയേറ്റ്സ് ഓഫ് ഇന്ത്യ) അവാർഡ് ലഭിച്ചു. മഹാലക്ഷ്മി എന്ന 60 കാരിയുടെ ജീവൻ രക്ഷിക്കാൻ നടത്തിയ പ്രവർത്തനങ്ങൾക്ക് 'ടീം അംഗങ്ങൾക്കുള്ള കസ്റ്റമർ സർവീസ് എക്സലൻസ്' വിഭാഗത്തിലാണ് ഹെൽന ബെന്നിക്ക് അംഗീകാരം ലഭിച്ചത്. റീട്ടെയിൽ വ്യവസായത്തിലെ വ്യക്തികളെ ശാക്തീകരിക്കുന്നതിനും അംഗീകരിക്കുന്നതിനുമായി പ്രവർത്തിക്കുന്ന പ്രമുഖ സ്ഥാപനമാണ് ട്രെയ്ൻ. മുംബൈയിലെ പവായ് ഹോട്ടലിൽ നടന്ന ചടങ്ങിൽ അവാർഡ് സമ്മാനിച്ചു. സേവന മേഖലയിലെ പ്രഗത്ഭരെ ആദരിച്ചതിന് ട്രെയ്നിനെ കൊച്ചി പാർക്ക് മേധാവി എം.എ രവികുമാർ നന്ദി അറിയിച്ചു.

## നത്തിംഗ് ഫോൺ (2എ) വിപണിയിൽ

**കൊച്ചി:** ബ്രിട്ടീഷ് ഇലക്ട്രോണിക്സ് കമ്പനി നത്തിംഗിന്റെ പുതിയ സ്മാർട്ട്ഫോൺ (2എ) വിപണിയിലെത്തി. മീഡിയാടെക്ക് ഡൈമെൻസിറ്റി 7200 പ്രോ പ്രോസസ്സർ ഉള്ള ഫോൺ (2എ) മികച്ച വൈദ്യുതി ക്ഷമതയും വേഗതയും ഉറപ്പു വരുത്തുന്നു. റാം ബൂസ്റ്റർ ടെക്നോളജിയുള്ള 20 ജിബി(12ജിബി + 8ജിബി) റാം, സ്മാർട്ട് ക്ലീൻ, അഡാപ്റ്റീവ് എൻടിഎഫ്എസ് പോലുള്ള ഒപ്റ്റിമൈസേഷനുകൾ കൊണ്ട് വൈദ്യുതി ഉപഭോഗം 10% വരെ കുറക്കാം. അതിവേഗ ചാർജിങ് പിന്തുണയ്ക്കുന്ന 45വാട്ട് ഫാസ്റ്റ് ചാർജ്ജിംഗുള്ള 5,000 എംഎഎച്ച് ബാറ്ററിയാണുള്ളത്. ട്രൂലെൻസ് എഞ്ചിൻ നൽകുന്ന ഡ്യുവൽ 50 എംപി റിയർ ക്യാമറയും 32 എംപി ഫ്രണ്ട് ക്യാമറയുമുണ്ട്. 6.7' ഫ്ലെക്സിബിൾ അമോലെഡ് ഡിസ്പ്ലേ 1,300 നിറ്റ്സ് പീക്ക് ബ്രൈറ്റ്നെസും 120 ഹെർട്സ് റിഫ്രെഷ് നിരക്കുമുണ്ട്. പ്രഥമ 90ത്ഥ ആംഗിൾ യൂണിബോഡി കവറും നൂതന ക്യാമറ പ്ലെയ്സ്മെൻറും നത്തിംഗിൻറെ അതുല്യമായ ഡിസൈൻ എടുത്തുകാട്ടുന്നു.

ആൻഡ്രോയിഡ് 14 ഉള്ള നത്തിംഗ് ഒ എസ്സ് 2.5ൽ പ്രവർത്തിക്കുന്ന



ഫോൺ (2എ) എ ഐ പവർ ഫീച്ചറുകളുമുണ്ട്. 8ജിബി /128ജിബിക്കു 23,999, 8ജിബി/ 256ജിബിക്കു 25,999, 12ജിബി/ 256ജിബി ക്കു 27,999 എന്നിങ്ങനെയാണ് വില.ഫ്ലിപ്കാർട്ട്, ക്രോമ, വിജയ് സെയിൽസ് എന്നിവയിലും മറ്റ് പ്രമുഖ ഔട്ട്ലെറ്റുകളിലും ബ്ലാക്ക് ആൻഡ് വൈറ്റ് നിറങ്ങളിൽ ഫോൺ (2എ) ലഭ്യമാണ്. എച്ച് ഡി എഫ് സി കാർഡ് ഉപയോക്താക്കൾക്ക് തൽക്ഷണം 2,000/ ഇളവും, ഓൺലൈൻ ട്രാൻസാക്ഷനുകളിൽ എൻസിഇഎംഐ ആനുകൂല്യങ്ങളും ലഭിക്കും. അതിനു പുറമെ ഫ്ലിപ്കാർട്ടിൽ 2000/ എക്സ്ചേഞ്ച് ഓഫറിൽ 8/128 ജിബി വെറും 19,999 ന് ലഭിക്കും. ഫ്ലിപ്കാർട്ടിൽ നിന്ന് ഫോൺ (2എ) വാങ്ങുന്ന ഉപഭോക്താക്കൾക്ക് സിഎംഎഫ് ബഡ്സ് സാധാരണ വിലയായ 2,499 രൂപയുടെ സ്ഥാനത്ത് 1,999/ നും, മൾട്ടിപോർട്ട് 65വാട്ട് സിഎംഎഫ് ചാർജർ സാധാരണ വിലയായ 2,999 ൻറെ സ്ഥാനത്ത് 1,999 നും ലഭിക്കുന്നതാണ്. പർച്ചേസ് ചെയ്യുന്ന ദിവസം മുതൽ 30 ദിവസത്തേക്കാണ് ഓഫർ. മാത്രമല്ല, മാർച്ച് 12 മുതൽ മാർച്ച് 19 വരെ ഫോൺ വാങ്ങുന്ന ഏതൊരാൾക്കും 1 വർഷം വരെ പെർപ്ലക്സിറ്റി പ്രോ സബ്സ്ക്രിപ്ഷന് യോഗ്യത ഉണ്ടായിരിക്കും. ഫോൺ (2എ) ഡെലിവറി ചെയ്ത് 5 ദിവസത്തിനുള്ളിൽ നത്തിംഗ്.ടെക് ഇന്ത്യയിൽ ഇത് റിഡീം ചെയ്യാം.സ്മാർട്ട് ഫോണിന് പുറമെ നത്തിംഗ് സബ് ബ്രാൻഡായ സിഎംഎഫിനു കീഴിൽ ബഡ്സും നെക്ബാൻഡ് പ്രോയും പുറത്തിറക്കി. ബഡ്സിൻറെ പ്രാരംഭ വില 2,299 രൂപയാണ്. നെക്ബാൻഡ് പ്രോയ്ക്ക് 1,799 രൂപയാണ് പ്രാരംഭ വില. രണ്ട് ഉൽപ്പന്നങ്ങളും ഫ്ലിപ്കാർട്ട്, മിന്ത്ര, ക്രോമ, വിജയ് സെയിൽസ് എന്നിവ മുഖേന ലഭ്യമാകും.

## ഒടിടി പ്ലേ പ്രീമിയം കേരള കമ്മ്യൂണിക്കേറ്റേഴ്സ് കേബിൾ ലിമിറ്റഡുമായി പങ്കാളിത്തം

**കൊച്ചി:** ഒടിടി പ്ലേ പ്രീമിയം കേരളത്തിലെ ഏറ്റവും വലിയ മൾട്ടി പ്പിൾ സിസ്റ്റം ഓപ്പറേറ്ററും (എംഎസ്ഒ) കേരള കമ്മ്യൂണിക്കേറ്റേഴ്സ് കേബിൾ ലിമിറ്റഡുമായി പങ്കാളിത്തം പ്രഖ്യാപിച്ചു.കൊച്ചിയിലെ റാഡിസൺ ബ്ലൂവിൽ നടന്ന ലോഞ്ചിംഗ് ചടങ്ങിൽ ഒടിടിപ്ലേയുടെ സിഇഒയും സഹസ്ഥാപകനുമായ അവിനാഷ് മുതലിയാർ, സിഒഎ പ്രസിഡന്റ് അബൂബെക്കർ സിദ്ദിഖ്, സിഒഎ ജനറൽ സെക്രട്ടറി കെ വി രാജൻ, കെ.സി.സി.എൽ, കെ.വി.ബി.എൽ ചെയർമാൻ ശ്രീ ഗോവിന്ദൻ, കെ.സി.സി.എൽ, കെ.വി.ബി.എൽ എംഡി ശ്രീ സുരേഷ് കുമാർ, കെ.സി.സി.എൽ, കെ.വി.ബി.എൽ സിഒഒ ശ്രീ എൻ പദ്മകുമാർ, ടിസിസിഎൽ ചെയർമാൻ ഷക്കീലൻ എന്നിവർ പങ്കെടുത്തു. 616 രൂപയ്ക്ക് വിപണിയിലെ ഏറ്റവും ചെലവ് കുറഞ്ഞതും സമഗ്രവുമായ വിനോദ ഇന്റർനെറ്റ് പാക്കേജാണ് കമ്പനി ഓഫർ ചെയ്യുന്നത്. 50 എംബിബിഎസ് ഇന്റർനെറ്റ് കണക്ഷൻ, 4000 ജിബി ഡാറ്റാ പരിധി, 14 പ്രീമിയം ഒടിടി പ്ലാറ്റ്ഫോമുകൾ എന്നിവയാണ് പ്രാരംഭ ഓഫറിൽ ഉപഭോക്താക്കൾക്ക് ലഭ്യമാവുക. സൺ എൻഎക്സ്ടി, സോണി ലിവ്, സീ5, ലയൺസ്ഗേറ്റ് പ്ലേ, ഡിസ്ട്രോ ടിവി, നമ്മ ഫ്ലിക്സ്, ആൾട്ട് ബാലാജി, പ്ലേ ഫ്ലിക്സ്, ഐസ്ട്രീം, ഫാൻകോഡ്, ഡോളിവുഡ് പ്ലേ, ഷോർട്ട് ടിവി, രാജ് തുടങ്ങിയ ജനപ്രിയ പ്ലാറ്റ്ഫോമുകൾ ഉൾക്കൊള്ളുന്ന ഡിജിറ്റൽ ഉള്ളടക്കത്തിന്റെ സമൃദ്ധമായ നിരയും വരിക്കാർക്ക് ആസ്വദിക്കാനാകും ഒടിടിപ്ലേയുടെ സിഇഒയും സഹസ്ഥാപകനുമായ അവിനാഷ് മുതലിയാർ പറഞ്ഞു. ഒടിടി പ്ലേയ്ക്കൊപ്പം ഒടിടി ബൺഡ്ലിങ് ഓഫർ സമാരംഭിക്കുന്നത് ഉപഭോക്തൃ അടിത്തറ നിലനിർത്തുന്നതിനുള്ള ഒരു പുതിയ കുതിപ്പായിരിക്കുമെന്നു സിഒഎ ജനറൽ സെക്രട്ടറി കെ വി രാജൻ അഭിപ്രായപ്പെട്ടു. എഫ്ടിടിഎച്ച് ബ്രോഡ്ബാൻഡ് ദാതാവായി ബ്രോഡ്ബാൻഡിലെ കെവിപിഎലിന്റെ കഥ, ഒടിടി ബൺഡ്ലിങ് ഉൾപ്പെടെയുള്ള സേവന ഓഫറുകളുടെ വൈവിധ്യവത്ക്കരണത്തിലൂടെ കൂടുതൽ വളരുമെന്ന് കെ.സി. സി.എൽ, കെ.വി.ബി.എൽ ചെയർമാൻ ഗോവിന്ദൻ എടുത്തുപറഞ്ഞു.





# തൃശ്ശൂർ മെഡിക്കൽ കോളേജിൽ 606.46 കോടിയുടെ വികസന പദ്ധതികൾ



**തൃശ്ശൂർ:** മെഡിക്കൽ കോളേജിന്റെ ചരിത്രത്തിൽ സുവർണ ലിപികളാൽ എഴുതപ്പെട്ട ദിവസമാണിന്നെന്ന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ 606.46 കോടിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. കേരളത്തിന്റെ മെഡിക്കൽ വിദ്യാഭ്യാസ ചരിത്രത്തിൽ ഇന്നോളം ഉണ്ടായിട്ടില്ലാത്ത വിധത്തിൽ ഒരേസമയം ഒട്ടനേകം പ്രോജക്ടുകൾ അമ്മയും കുഞ്ഞും ആശുപത്രിയിലുള്ള സൂപ്പർ സ്പെഷാലിറ്റി ബ്ലോക്ക്, ഡെന്റൽ കോളേജ് കെട്ടിടം എന്നീ പ്രധാനപ്പെട്ട രണ്ട് പദ്ധതികൾ ഉൾപ്പെടെ 606.46 കോടി രൂപയുടെ പദ്ധതികളാണ് നാടിന് സമർപ്പിച്ചിരിക്കുന്നത്. ഒരേസമയം ഇത്രയും വലിയ തുകയ്ക്ക് ഒരുപാട് പ്രോജക്ടുകൾ തൃശ്ശൂർ മെഡിക്കൽ കോളേജിൽ യാഥാർത്ഥ്യമാക്കിയിരിക്കുന്നത് ഏറെ അഭിമാനകരമാണെന്നും മന്ത്രി പറഞ്ഞു.

സ്വകാര്യ ആശുപത്രികളിൽ ലക്ഷക്കണക്കിന് രൂപയുടെ ചെലവ് വരുന്ന അപൂർവ്വ ശ്വാസകോശ ശാസ്ത്രക്രിയ തികച്ചും സൗജന്യമായി നടത്തി ചികിത്സാരംഗത്ത് പുതിയ ഒരു ചരിത്രം കൂടി തൃശ്ശൂർ മെഡിക്കൽ കോളേജ് കൈവരിച്ചിരിക്കുകയാണ്. ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ മെഡിക്കൽ കോളേജിലെ വിവിധ വകുപ്പുകളെ അഭിനന്ദിക്കുകയാണെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് മെഡിക്കൽ രംഗത്ത് കിഫ്ബി വഴി നിരവധി വികസന പദ്ധതികളാണ് നടപ്പിലാക്കുന്നത്. ആരോഗ്യം മേഖലയിൽ കേരളം ഒന്നാമതായി മുന്നേറുകയാണ്. കഴിഞ്ഞ സർക്കാർ കാലത്ത് ആരംഭിച്ച ആർദ്രം പദ്ധതിയിലൂടെ പഞ്ചായത്ത്തലം മുതൽ സംസ്ഥാനതലം വരെ ആരോഗ്യമേഖലയിൽ നിരവധി വികസന പദ്ധതികൾ നടപ്പിലാക്കി. ആരോഗ്യ മേഖലയിൽ മാത്രം കിഫ് ബി യിൽ നിന്ന് 8600 കോടി രൂപയാണ് ചെലവഴിച്ചിരിക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഒരുപാട് ജനങ്ങൾ ആശ്രയിക്കുന്ന ആശുപത്രിയാണ് തൃശൂർ മെഡിക്കൽ കോളേജ്. മെഡിക്കൽ കോളേജിലെ അമ്മയും കുഞ്ഞും ബ്ലോക്ക് അത്യാധുനിക സൗകര്യങ്ങളോടുകൂടി മെച്ചപ്പെടുത്തേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണ് ഇന്ന് യാഥാർത്ഥ്യമായിട്ടുള്ളത്. രണ്ടുവർഷത്തിനുള്ളിൽ തൃശൂർ മെഡിക്കൽ കോളേജിന്റെ മുഖച്ഛായ മാറാൻപോവുകയാണ്. ഇപ്പോഴുള്ള മെഡിക്കൽ കോളേജിന്റെ രണ്ട് ഇരട്ടി വലിപ്പമുള്ള സ്ഥലസൗകര്യമുള്ള മെഡിക്കൽ കോളേജായി മാറാൻ പോവുകയാണ്. സൂപ്പർ സ്പെഷാലിറ്റി ബ്ലോക്ക് സാധ്യമാകുന്നത് പോലെ കാർഡിയോളജി, പ്ലാസ്റ്റിക് സർജറി, ന്യൂറോ സർജറി ട്രാൻസ് പ്ലാന്റ് സർജറി തുടങ്ങിയ വിവിധ വിഭാഗങ്ങളുടെ വികസനത്തിന് സാധ്യമാകുമെന്നും മന്ത്രി പറഞ്ഞു.

മെഡിക്കൽ കോളജിന്റെ ചരിത്രത്തിൽ ഏറ്റവും വലിയ വികസന പ്രവർത്തനങ്ങൾക്കാണ് തുടക്കം കുറിച്ചിരിക്കുന്നതെന്ന്

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പു മന്ത്രി കെ. രാധാകൃഷ്ണൻ മുഖ്യ പ്രഭാഷണത്തിൽ പറഞ്ഞു. ഘട്ടം ഘട്ടമായാണ് തൃശ്ശൂർ മെഡിക്കൽ കോളേജ് ഇന്നത്തെ നിലയിലേക്ക് ഉയർന്നിരിക്കുന്നത്. ഇന്ന് സംസ്ഥാനത്ത് തലയെടുപ്പോടെ നിൽക്കുന്ന മെഡിക്കൽ കോളേജുകളിലൊന്നായി തൃശ്ശൂർ മെഡിക്കൽ കോളേജ് മാറി എന്നും മന്ത്രി കുട്ടിച്ചേർത്തു.

ചടങ്ങിൽ എൽ.ഐ.സി ഹൗസിംഗ് ഫിനാൻസിന്റെ സി.എസ്.ആർ ഫണ്ടിൽ നിന്നും ലഭ്യമാക്കിയ ആംബുലൻസും 25 ഐ.സി.യു ബഡ്ഡുകളും എൽ.ഐ.സി എച്ച്.എഫ്.എൽ റീജിയണൽ മാനേജർ പി.വി ശശീന്ദ്രനിൽനിന്നും മന്ത്രി കെ. രാധാകൃഷ്ണൻ ഏറ്റുവാങ്ങി.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ 606.46 കോടിയുടെ നിർമ്മാണ പദ്ധതികളും 11.4 കോടിയുടെ പ്രവർത്തന പദ്ധതികളുമാണ് ഒരുങ്ങുന്നത്. 279.19 കോടി ചെലവഴിച്ചുള്ള അമ്മയും കുഞ്ഞും ആശുപത്രി ബ്ലോക്ക്, 285.54 കോടിയുടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, 36.73 കോടിയുടെ ഗവ. ദന്തൽ കോളേജ് കെട്ടിടം രണ്ടാംഘട്ട നിർമ്മാണം, 5 കോടിയുടെ ഐസൊലേഷൻ ബ്ലോക്ക് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ആരംഭിക്കുന്നത്.

തൃശൂരിലെ ജനങ്ങളുടെ കാലങ്ങളായുള്ള ആവശ്യമായിരുന്ന അമ്മയും കുഞ്ഞും ആശുപത്രി ബ്ലോക്ക് കിഫ്ബി പദ്ധതിയിലൂടെയാണ് സാധ്യമാക്കുന്നത്. 5 ലക്ഷത്തോളം ചതുരശ്ര അടി വിസ്തീർണമുള്ള ആശുപത്രി സമുച്ചയം ഏഴു നിലകളായാണ് നിർമ്മിക്കുന്നത്.

ഗൈനക്കോളജി, പീഡിയാട്രിക്സ്, നിയോനെറ്റോളജി, പീഡിയാട്രിക് സർജറി എന്നീ വിഭാഗങ്ങളിലെ സേവനങ്ങൾ ഈ ആശുപത്രിയിലൂടെ നൽകും. സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾക്ക് മാത്രമായി എട്ട് നിലകളുള്ള അത്യാധുനിക സൗകര്യങ്ങളോട് കൂടിയ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കാണ് സാധ്യമാകുന്നത്. 300 സൂപ്പർ സ്പെഷ്യലിറ്റി ബെഡുകൾ, 38 ഡയാലിസിസ് ബെഡുകൾ 26 ഐ.സി.യു. ബെഡുകൾ, 28 ഐസോലേഷൻ ബെഡുകൾ, 25 ഐസോലേഷൻ റൂമുകൾ, ഒപി റൂമുകൾ, 16 ഓപ്പറേഷൻ തീയറ്ററുകൾ എന്നിവയാണ് അനുബന്ധ സൗകര്യങ്ങളോടെ ഒരുക്കുന്നത്.

ചടങ്ങിൽ സേവ്യർ ചിറ്റിലപ്പിള്ളി എംഎൽഎ അധ്യക്ഷത വഹിച്ചു. തൃശ്ശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. ബി. ഷീബ പ്രോജക്ട് റിപ്പോർട്ട് അവതരിപ്പിച്ചു. വടക്കാഞ്ചേരി മുനിസിപ്പാലിറ്റി ചെയർമാൻ പി.എൻ സുരേന്ദ്രൻ, പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലീല രാമകൃഷ്ണൻ, അവണൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തങ്കമണി ശങ്കുണ്ണി, മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ജെ ദേവസ്സി, ജില്ലാപഞ്ചായത്ത് മെമ്പർ ലിനി ടീച്ചർ, പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ പി.വി ബിജു, വടക്കാഞ്ചേരി മുനിസിപ്പാലിറ്റി കൗൺസിലർ കെ.കെ ശൈലജ, സബ് കളക്ടർ മുഹമ്മദ് ഷെഫീഖ്, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. തോമസ് മാത്യു, തൃശ്ശൂർ ഡെന്റൽ കോളേജ് പ്രിൻസിപ്പാൾ ഡോ. പി.എം ഷമീന, മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് ഇൻ ചാർജ്ജ് ഡോ. എം. രാധിക, ജി.എം.സി.സി.എച്ച് സൂപ്രണ്ട് ഡോ. ഷഹന എ. ഖാദർ, കിഫ്ബി പ്രതിനിധി ഡോ. സി. രവീന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.

# 32 ന്റെ നിറവിൽ ഇസാഫ്




**തൃശൂർ:** ഇസാഫ് ഫൗണ്ടേഷന്റെ 32ാം സ്ഥാപക ദിനാഘോഷവും ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിന്റെ ഏഴാം വാർഷികവും തൃശ്ശൂരിൽ ആഘോഷിച്ചു. ബംഗാൾ ഗവർണർ ഡോ. സി.വി. ആനന്ദ ബോസ് ഓൺലൈൻ സന്ദേശം നൽകി. റവന്യു മന്ത്രി കെ. രാജൻ പരിപാടി ഉദ്ഘാടനം ചെയ്തു. ഇസാഫ് ഗ്രൂപ്പ് ഓഫ് സോഷ്യൽ എന്റർപ്രൈസസ് സ്ഥാപകനും ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും സിഇഒയുമായ കെ. പോൾ തോമസ് സ്ഥാപകദിന സന്ദേശം നൽകി. രാജ്യത്തെ പ്രധാന ധനകാര്യ സ്ഥാപനമാകാനുള്ള പ്രയാണമാണ് ഇസാഫ് നടത്തുന്നതെന്ന് അദ്ദേഹം പറഞ്ഞു. 'സമൂഹത്തിലെ സാമ്പത്തിക അസന്തുലിതാവസ്ഥ കുറച്ച്, എല്ലാവർക്കും ബാങ്കിങ് സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. ഇതിനുള്ള പ്രവർത്തനങ്ങളാണ് 21 സംസ്ഥാനങ്ങളിലും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലുമായി വ്യാപിച്ചുകിടക്കുന്ന ഇസാഫിന്റെ ശാഖകളിലൂടെ നടത്തുന്നത്. ഞങ്ങളിൽ വിശ്വാസമർപ്പിച്ച രാജ്യത്തെ 79 ലക്ഷം കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനാണ് പ്രഥമ പരിഗണനയെന്ന് അദ്ദേഹം പറഞ്ഞു.ചടങ്ങിൽ ഇസാഫ് ഫൗണ്ടേഷൻ പ്രഖ്യാപിച്ച സ്ത്രീ രത്ന പുരസ്ക്കാരം ഡിഫെൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഓർഗനൈസേഷൻ മുൻ ശാസ്തജ്ഞ ഡോ. ടെസ്സി തോമസിന് സമർപ്പിച്ചു.

മികച്ച സഹകരണ സംഘങ്ങൾക്കുള്ള പുരസ്കാരം ജബൽപൂർ ഇന്ത്യൻ കോഫി വർക്കേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി, സാവിത്രീ ഫുലെ ഗോട്ട് ഫാമിംഗ് പ്രൊഡ്യൂസർ കമ്പനി, അട്ടപ്പാടി അഗ്രികൾച്ചർ പ്രൊഡ്യൂസഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി എന്നീ സൊസൈറ്റികൾ കരസ്ഥമാക്കി.

മികച്ച സ്ത്രീ സംരംഭകരെ ആദരിച്ച ചടങ്ങിൽ ഇസാഫ് കോ ഓപ്പറേറ്റീവ് നിർമിച്ചു നൽകുന്ന സ്നേഹവീടുകളുടെ താക്കോൽദാനവും നടന്നു. വാർഷിക ആഘോഷങ്ങളുടെ ഭാഗമായി ഇസാഫ് ബാങ്ക് കോർപ്പറേറ്റ് മൈ സ്റ്റാമ്പ് പുറത്തിറക്കി.

മേയർ എം. കെ. വർഗിസ്, നാഷണൽ കോ ഓപ്പറേറ്റീവ് യൂണിയൻ ഓഫ് ഇന്ത്യ ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് സാവിത്രി സിംഗ്, ഇസാഫ് സഹ സ്ഥാപകരായ മെറീന പോൾ, ഡോ. ജേക്കബ് സാമുവേൽ, സാധൻ സിഇഒ ജിജി മാമ്മൻ, എംഫിൻ സിഇഒ അലോക് മിശ്ര, ഇസാഫ് ബാങ്ക് ചെയർമാൻ പി. ആർ. രവിമോഹൻ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റുമാരായ ജോർജ് തോമസ്, ഹരി വെള്ളുർ, ഇസാഫ് ഫൗണ്ടേഷൻ പ്രസിഡന്റ് ഡോ. ഇടിച്ചെറിയ നൈനാൻ, ഇസാഫ് കോ ഓപ്പറേറ്റീവ് സിഇഒ ക്രിസ്തുദാസ് കെ.വി., പ്രചോദൻ ഡെവലപ്മെന്റ് സർവീസസ് ഡയറക്ടർ എമി അച്ചാ പോൾ എന്നിവർ പ്രസംഗിച്ചു.



# ബ്രഹ്മപുരം: അപകട സാഹചര്യമുണ്ടായാൽ നേരിടാൻ പ്രത്യേക പ്രവർത്തന മാനദണ്ഡം തയാറാക്കും

**കൊച്ചി:** ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ ഏതെങ്കിലും വിധത്തിലുള്ള അപകട സാഹചര്യ മുണ്ടായാൽ സ്വീകരിക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് പ്രത്യേക പ്രവർത്തന മാനദണ്ഡം (സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ) തയാറാക്കാൻ മന്ത്രി പി.രാജീവ് നിർദേശിച്ചു. അപകട സാഹചര്യത്തിൽ ഏതെല്ലാം ഉദ്യോസ്ഥരെയാണ് ബന്ധപ്പെടേണ്ടത്, ഓരോരുത്തരുടെയും ചുമതല ഏതെല്ലാം തുടങ്ങിയ വിവരങ്ങൾ പ്രവർത്തന മാനദണ്ഡത്തിലുണ്ടാകണം. പ്രവർത്തന മാനദണ്ഡം ഉടൻ തയാറാക്കാൻ മന്ത്രി ദുരന്ത നിവാരണ വിഭാഗത്തിന് നിർദേശം നൽകി. കൂടാതെ ആരോഗ്യ വകുപ്പുമായി സഹകരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും മന്ത്രി നിർദേശിച്ചു. സമീപത്തെ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, ജില്ലാ മെഡിക്കൽ ഓഫീസ് എന്നിവയുമായി ആലോചിച്ച് ആശുപത്രികളുടെയും അനുബന്ധ സൗകര്യങ്ങളുടെയും സ്ഥിതി വിലയിരുത്തണം.

ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ തീപിടിത്തം ആവർത്തിക്കാതിരിക്കാൻ വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്താൻ മന്ത്രി പി. രാജീവിന്റെ നേതൃത്വത്തിൽ ചേർന്ന യോഗത്തിലാണ് നിർദേശം. മന്ത്രിയും കൊച്ചി മേയർ എം.അനിൽ കുമാറും ഓൺലൈനായി യോഗത്തിൽ പങ്കെടുത്തു.

തീപീടിത്തമുണ്ടാകാതിരിക്കാനുള്ള മുൻകരുതൽ നടപടികളുടെ ഭാഗമായി പുരോഗമിക്കുന്ന പ്രവർത്തനങ്ങൾ ഉടൻ പൂർത്തിയാക്കണമെന്ന് മന്ത്രി നിർദേശം നൽകി. പ്ലാന്റിലെ പ്രവർത്തനങ്ങൾ വിലയിരുത്താൻ എല്ലാ ആഴ്ചയും യോഗം ചേരാൻ മന്ത്രി പി. രാജീവ് നിർദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലായിരുന്നു യോഗം.

പ്ലാന്റിൽ ഓട്ടോമാറ്റിക് വെറ്റ് റൈസർ, ഫയർ ഹൈഡ്രന്റുകൾ എന്നിവ സ്ഥാപിക്കുന്നതിന്റെ ഭാഗമായി പത്ത് ഫയർ ഹൈഡ്രന്റുകൾ പ്രവർത്തന സജ്ജമായി. മൂന്ന് ഫയർ മോണിറ്ററുകളും സജ്ജമായിട്ടുണ്ട്.

# സംരംഭക വർഷം പദ്ധതി: തുടർച്ചയായ രണ്ടാം വർഷം ഒരു ലക്ഷം സംരംഭങ്ങൾ

**കൊച്ചി:** ദേശീയതലത്തിൽ എം.എസ്.എം.ഇ മേഖലയിലെ ബെസ്റ്റ് പ്രാക്റ്റീസ് അംഗീകാരം നേടിയ സംരംഭക വർഷം പദ്ധതിയിലൂടെ തുടർച്ചയായ രണ്ടാം വർഷവും ഒരു ലക്ഷം സംരംഭങ്ങളെന്ന ലക്ഷ്യം പൂർത്തിയാക്കി കേരളം. സംരംഭക വർഷം 2 പദ്ധതിയിലൂടെ മാത്രം കഴിഞ്ഞ 11 മാസത്തിനിടെ 1,00,018 സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചതായി വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് വാർത്താസമ്മേളനത്തിൽ അറിയിച്ചു. 6712 കോടിയുടെ നിക്ഷേപവും 2,09,735 തൊഴിലും സൃഷ്ടിക്കപ്പെട്ടു. സംരംഭക വർഷമെന്ന മെഗാ പദ്ധതിയിലൂടെ കേരളത്തിലേക്ക് 15,138.05 കോടി രൂപയുടെ നിക്ഷേപമെത്തിച്ചേരുകയും 5,09,935 പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തുവെന്നും മന്ത്രി പറഞ്ഞു.

പുതിയ സംരംഭങ്ങളിൽ 9939 പട്ടികജാതി വിഭാഗത്തിൽ നിന്നുള്ള സംരംഭങ്ങളാണ്. എസ്ടി വിഭാഗത്തിൽ നിന്നുള്ള സംരംഭങ്ങളുടെ എണ്ണം 775 ആണ്. ന്യൂനപക്ഷ വിഭാഗം 19,154, ഒബിസി 1,41,493, ട്രാൻസ്ജെൻഡർ 26 എന്നിങ്ങനെയാണ് സംരംഭങ്ങളുടെ എണ്ണം. ഈ കാലയളവിനുള്ളിൽ എറണാകുളം, കൊല്ലം, തിരുവനന്തപുരം, മലപ്പുറം, തൃശ്ശൂർ, പാലക്കാട് ജില്ലയിൽ 20,000ത്തിലധികം സംരംഭങ്ങൾ ആരംഭിച്ചു. എറണാകുളം, മലപ്പുറം ജില്ലകളിൽ അൻപതിനായിരത്തിലധികമാളുകൾക്കും തൃശൂർ, തിരുവനന്തപുരം, കൊല്ലം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ നാൽപതിനായിരത്തിലധികമാളുകൾക്കും തൊഴിൽ നൽകാൻ സംരംഭക വർഷം പദ്ധതിയിലൂടെ സാധിച്ചു. 76377 സ്ത്രീകളെ സംരംഭകരാക്കി മാറ്റാൻ സാധിച്ചു എന്നത് സംരംഭക വർഷത്തിന്റെ ഉജ്വലമായ നേട്ടങ്ങളിലൊന്നാണെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

രണ്ട് വർഷങ്ങളിൽ ഏറ്റവും കൂടുതൽ സംരംഭങ്ങൾ ഉണ്ടായത് എറണാകുളം ജില്ലയിലാണ്, 24,456. തിരുവനന്തപുരം (24,257), തൃശൂർ (23,700) എന്നിങ്ങനെയാണ് തൊട്ടടുത്ത സ്ഥാനങ്ങളിലുള്ള ജില്ലകൾ. കൂടാതെ വ്യാവസായികമായി പിന്നാക്കം നിൽക്കുന്ന ഇടുക്കി, വയനാട്, പത്തനംതിട്ട ജില്ലകളിലും മികച്ച പുരോഗതി കൈവരിക്കാൻ കഴിഞ്ഞതായും മന്ത്രി പറഞ്ഞു.




# കാലിക്കറ്റ് ഹീറോസിനെ വിറപ്പിച്ച് ഡൽഹി തൂഫാൻസ്

**ചെന്നൈ:** റുപേ പ്രൈംവോളിബോൾ ലീഗ് പവേർഡ്ബൈ എ23യുടെ സൂപ്പർ ഫൈവിൽ വിജയക്കുതിപ്പ് തുടർന്ന് ഡൽഹി തൂഫാൻസ്. ബുധനാഴ്ച ചെന്നൈ ജവഹർലാൽ നെഹ്റു ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ കരുത്തരായ കാലിക്കറ്റ് ഹീറോസിനെയാണ് തൂഫാൻസ് വീഴ്ത്തിയത്. ആദ്യ സെറ്റ് നേടിയ ശേഷമായിരുന്നു ഹീറോസിന്റെ തോൽവി. സ്കോർ: 1416, 159, 1511, 1513. ഡാനിയേൽ അപോൺസയാണ് കളിയിലെ താരം. സൂപ്പർ ഫൈവിൽ ഡൽഹിയുടെ തുടർച്ചയായ രണ്ടാം ജയമാണിത്. ആദ്യ മത്സരത്തിൽ ബെംഗളൂരിനെ തോൽപിച്ചിരുന്നു. ജയത്തോടെ അഞ്ച് പോയിന്റുമായി തൂഫാൻസ് ഒന്നാമതെത്തി.

ഇന്ന് (വ്യാഴം) കാലിക്കറ്റ് ഹീറോസ് വീണ്ടും കളത്തിലിറങ്ങും. രാത്രി 8.30ന് ബെംഗളൂരു ടോർപ്പിഡോസുമായാണ് മത്സരം. ആദ്യ മത്സരത്തിൽ ഡൽഹിയോട് തോറ്റ ബെംഗളൂരു, അഹമ്മദാബാദിനെതിരെ വമ്പൻ തിരിച്ചുവരവിൽ തകർപ്പൻ ജയം നേടിയിരുന്നു. വൈകിട്ട് 6.30ന് നടക്കുന്ന ആദ്യ മത്സരത്തിൽ അഹമ്മദാബാദ് ഡിഫൻഡേഴ്സ് മുംബൈ മിറ്റിയോഴ്സിനെ നേരിടും.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com